ക്രമപ്രശ്നം

ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിലെ കാലതാമസം

ശ്രീ. വി. ഡി. സതീശൻ: സർ, രണ്ട് ആക്ടുകളുമായി ബന്ധപ്പെട്ടുള്ള വിഷയമാണ് ഇവിടെ ക്രമപ്രശ്നമായി ഉന്നയിക്കുന്നത്. തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്ട്, 25-04-2013-ലാണ് നിലവിൽ വന്നത്. ഏകദേശം 5 വർഷത്തോളമായെങ്കിലും ഇതുവരെ ഇതിന്റെ ചട്ടങ്ങൾ നിലവിൽ വന്നിട്ടില്ല. സർവ്വകലാശാലയുടെ പ്രഥമ സ്റ്റാറ്റ്യൂട്ടുപോലും ഇതുവരെ തയ്യാറാക്കിയിട്ടില്ല. ആക്ടിലെ അദ്ധ്യായം 8-ലെ സെക്ഷൻ 45 അനുസരിച്ച് നിരവധി കാര്യങ്ങൾ സർവ്വകലാശാലയുമായി ബന്ധപ്പെട്ട് നടപ്പാക്കണമെങ്കിൽ സ്റ്റാറ്റ്യൂട്ടുകൾ നിലവിൽ വന്നേ മതിയാകൂ. ബിരുദദാന ചടങ്ങുകൾ, ബിരുദങ്ങൾ നൽകുക, ബിരുദങ്ങളും ഡിപ്ലോമകളും പിൻവലിക്കുന്നത് ഉൾപ്പെടെയുള്ള 13 കാര്യങ്ങൾ ചെയ്യണമെങ്കിലും സർവ്വകലാശാലയ്ക്ക് ദൈനംദിന കാര്യങ്ങൾ നടത്തിക്കൊണ്ടുപോകണമെങ്കിലും ഈ സ്റ്റാറ്റ്യൂട്ടുകൾ രൂപീകരിച്ചാൽ മാത്രമേ കഴിയുകയുള്ളൂ. ആ സ്റ്റാറ്റ്യൂട്ട് അഞ്ച് വർഷമായിട്ടും ഇതുവരെ നിലവിൽ വന്നിട്ടില്ല. അതുപോലെ 2017 ജൂലൈ 15-ന് പ്രസിദ്ധപ്പെടുത്തിയ ഓർഡിനൻസ് അനുസരിച്ച് കേരള റിയൽ എസ്റ്റേറ്റ് (റെഗുലേഷൻ ആൻഡ് ഡെവലപ്മെന്റ്) ആക്ട് 2015 റിപ്പീൽ ചെയ്തു. അതോടുകൂടി 2016-ലെ കേന്ദ്ര റിയൽ എസ്റ്റേറ്റ് (റെഗുലേഷൻ ആൻഡ് ഡെവലപ്മെന്റ്) ആക്ട്

2016-ൽ നിലവിൽ വന്നു. ഓർഡിനൻസ് റീപ്ലേസ് ചെയ്യുകയല്ല ചെയ്തത്. ബിൽ വരാത്തതുകൊണ്ട് ഓർഡിനൻസ് വച്ചുതന്നെ പഴയ കേരള ആക്ട് റിപ്പീൽ ചെയ്ത് സെൻട്രൽ ആക്ട് നിലവിൽ വന്നു. ഇതിന്റെയും ചട്ടങ്ങൾ 6 മാസത്തിനകം ഉണ്ടാക്കണമെന്നാണ് സെൻട്രൽ ആക്ടിൽ പറഞ്ഞിട്ടുള്ളത്. എന്നാൽ ഈ ചട്ടങ്ങളും ഇതുവരെ രൂപീകരിച്ചിട്ടില്ല. അതുകൊണ്ടുതന്നെ ഈ നിയമങ്ങൾ നടപ്പിലാക്കുന്നില്ല. നിയമങ്ങൾ ഉണ്ടാക്കി കഴിഞ്ഞതിനുശേഷം ചട്ടങ്ങൾ ഉണ്ടാക്കുന്നതിലെ കാലതാമസത്തെക്കുറിച്ച് ബഹുമാനപ്പെട്ട സ്പീക്കറടക്കം പല പ്രാവശ്യം ഇവിടെ റൂളിംഗ് നൽകിയിട്ടുണ്ട്. ഒരു യൂണിവേഴ്സിറ്റിയെ സംബന്ധിച്ചിടത്തോളം സ്റ്റാറ്റ്യൂട്ട് എത്ര പ്രധാനപ്പെട്ട കാര്യമാണെന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. 5 വർഷമായിട്ടുപോലും അത് രൂപീകരിക്കാത്ത ഒരു സാഹചര്യമാണ്. നിയമനിർമ്മാണ സഭയെ നോക്കുകുത്തിയാക്കുന്ന ഒരു നടപടിയാണ് യഥാർത്ഥത്തിൽ ഇത്. അതുകൊണ്ട് നിയമസഭയുടെ അന്തസ്സും നിയമനിർമ്മാണത്തിന്റെ വിലയും ബോദ്ധ്യപ്പെടണമെങ്കിലും ജനങ്ങൾക്ക് ഈ നിയമംകൊണ്ട് ഉപകാരം കിട്ടണമെങ്കിലും ഇതുവഴി രൂപീകൃതമായ സ്ഥാപനങ്ങൾ നന്നായി നടത്തിക്കൊണ്ടുപോകണമെങ്കിലും അടിയന്തരമായി ഇത് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഇത് ക്രമത്തിലല്ല.

ആക്കിൽതന്നെ പറഞ്ഞിരിക്കുന്ന സമയങ്ങൾ അതിക്രമിച്ചിരിക്കുകയാണ്. അതുകൊണ്ട് നിയമം നടപ്പാക്കുന്നതിനുള്ള തടസ്സങ്ങൾ വരികയാണ്. അതുകൊണ്ട് ഇത് ഓർഡറിലല്ലായെന്ന് പ്രത്യേകമായി പറയുന്നു.

(പ്രൊഫ. സി. രവീന്ദ്രനാഥ്)

പി. 13.03.2018
ആർ.പി./വി.കെ.(1)
11.10- 11.20

## ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിലെ കാലതാമസം

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാലാ നിയമം- 2013 വകുപ്പ് 58 അനുസരിച്ച് പ്രഥമ സ്റ്റാറ്റ്യൂട്ട് സർക്കാരാണ് തയ്യാറാക്കേണ്ടത്. കേരള നിയമസഭയുടെ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിക്ക് മുമ്പാകെ സമർപ്പിക്കുന്നതിനായി ആദ്യ സ്റ്റാറ്റ്യൂട്ടിന്റെ മലയാളത്തിലുള്ള കരടും ടി ആക്ടിന്റെ കീഴിൽ ഉപചട്ടങ്ങൾ ആവശ്യമായിരിക്കുന്നവയും ആയതിന്റെ കരടും സർക്കാരിന് ലഭ്യമാക്കാൻ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാലാ രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. സർവ്വകലാശാലയിൽ അദ്ധ്യാപകരെ നിയമിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനായി സ്റ്റാറ്റ്യൂട്ടിന്റെ പ്രധാന ഭാഗം അദ്ധ്യാപക നിയമനം ഉൾപ്പെട്ട അദ്ധ്യായം 3 ജി.ഒ. (ആർ.റ്റി.) 147/2013/ഉന്നത വിദ്യാഭ്യാസ വകുപ്പ് തീയതി 11.06.2013 പ്രകാരം അംഗീകരിച്ച് നടപ്പിൽ വരുത്തിയിട്ടുണ്ട്. കരട് ചട്ടം തയ്യാറാക്കിയെങ്കിലും കോഴ്സുകൾ ആരംഭിച്ച് സർവ്വകലാശാല പ്രവർത്തനം സജ്ജമായതോടെ കരട് ചട്ടങ്ങളിൽ ചിലവ അപ്രസക്തമാണെന്നും മറ്റു ചില ചട്ടങ്ങൾ

കൂട്ടിച്ചേർക്കേണ്ടതുണ്ടെന്നും കണ്ടു. മാത്രമല്ല, യു.ജി.സി. റെഗുലേഷൻ അനുസരിച്ച് സ്റ്റാറ്റ്യൂട്ടുകളിൽ ഭേദഗതി വരുത്തണമെന്ന് നിർദ്ദേശിക്കപ്പെട്ടു. അനദ്ധ്യാപക തസ്തികകളിലെ നിയമനം പി.എസ്.സി.-ക്ക് വിട്ടതും ചട്ടങ്ങളിൽ മാറ്റം വരുത്തുന്നതിന് കാരണമായി. ഈ സാഹചര്യത്തിൽ തയ്യാറാക്കിയ കരട് സ്റ്റാറ്റ്യൂട്ട് സമഗ്രമായി വിലയിരുത്തി വേണ്ട മാറ്റങ്ങൾ വരുത്തുന്നതിന് സർവ്വകലാശാല ഡീൻമാർ ഉൾപ്പെടെ ഒരു കമ്മിറ്റിയെ നിയോഗിച്ചു. കമ്മിറ്റി അതിന്റെ പ്രവർത്തന റിപ്പോർട്ട് ഫെബ്രുവരി മാസം സമർപ്പിച്ചിട്ടുണ്ട്. കരട് പരിശോധിച്ച് നടപടിക്രമം പാലിച്ച് വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല നിയമം- 2013 അദ്ധ്യായം 8-ലെ വകുപ്പ് 45-ൽ പറയുന്നവയിൽ ആവശ്യാനുസരണം ഉത്തരവുകൾ പുറപ്പെടുവിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പ്രഥമ സ്റ്റാറ്റ്യൂട്ട് വിജ്ഞാപനം ചെയ്യുന്ന മുറയ്ക്ക് അവയും അവശേഷിക്കുന്നവയും സംബന്ധിച്ച സ്റ്റാറ്റ്യൂട്ടുകൾ തയ്യാറാക്കുന്നതാണ്.

<u>ശ്രീ. വി. ഡി.സതീശൻ</u>: സർ, നേരത്തെ ഈ സഭയിൽ തന്നെ ഉത്തരത്തിൽ ഇതേ കാര്യംതന്നെ പറഞ്ഞിരിക്കുകയാണ്. അതുതന്നെയാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടിയായി ഇവിടെ പറഞ്ഞിരിക്കുന്നത്. എന്താണ് നടക്കുന്നത്?

(ഡോ. കെ. ടി. ജലീൽ)

പി. 13.03.2018 ആർ.പി./വി.കെ.(1)
11.10- 11.20

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, 2016-ലെ കേന്ദ്ര റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്ട് 2016 മാർച്ച് 25-ന് നിലവിൽ വന്നതിനെ തുടർന്ന് കേരളത്തിൽ പ്രാബല്യത്തിലുണ്ടായിരുന്ന 2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്ട് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും 2017 ജൂലൈ 15-ന് ഓർഡിനൻസ് മുഖേന പ്രസ്തുത നിയമം റദ്ദാക്കുകയുമാണ് ഉണ്ടായത്. കേരള നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയുടെ പ്രവർത്തനവും ഇതേത്തുടർന്ന് അവസാനിപ്പിക്കുകയുണ്ടായി. കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് ചട്ടങ്ങൾ നിയമ വകുപ്പിന്റെ സൂക്ഷ്മപരിശോധനയ്ക്കുശേഷം ഇപ്പോൾ ലഭ്യമായിട്ടുണ്ട്. ആയതിന്മേൽ വിഷയ നിർണ്ണയ സമിതിയുടെ അംഗീകാരം ലഭ്യമാക്കി ചട്ടങ്ങൾ പുറപ്പെടുവിക്കുവാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കേന്ദ്ര ആക്ടിന്റെ 20-ാം വകുപ്പനുസരിച്ചുള്ള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനുള്ള ശിപാർശകൾ സമർപ്പിക്കുന്നതിന് ജസ്റ്റീസ് പി. ആർ. രാമചന്ദ്ര മേനോൻ അദ്ധ്യക്ഷനായ സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള

നടപടികൾ അവസാനഘട്ടത്തിലാണ്. സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ചാണ് അതോറിറ്റിയുടെ ചെയർമാനെയും അംഗങ്ങളെയും സർക്കാർ നിയമിക്കുന്നത്. നിർദ്ദിഷ്ട അതോറിറ്റി രൂപീകരിക്കുന്നതുവരെ റിയൽ എസ്റ്റേറ്റ് നിയമം അനുശാസിക്കുന്ന ചുമതലകൾ നിർവ്വഹിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് (നഗരകാര്യം) സെക്രട്ടറി ഡോ. ബി. അശോകിനെ ഇടക്കാല അതോറിറ്റിയായി സർക്കാർ നിയമിച്ചിട്ടുണ്ട്.